**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 325** **03.02.2020 - ൽ മറുപടിക്ക്.**

## മുൻഗണനാ വിഭാഗത്തിലെ അനർഹർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.രാജു എബ്രഹാം :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവരെ കണ്ടെത്തുന്നതിനും അവരെ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ; ഇതിനോടകം എത്ര അനർഹരെ ഒഴിവാക്കി എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;<br><br>**(ബി)** അർഹതയുണ്ടായിട്ടും മുൻഗണനാ റേഷൻ കാർഡ് ലഭിക്കാതെ പോയവരിൽ അപേക്ഷ നൽകിയ എത്ര പേർക്ക് മുൻഗണനാ കാർഡ് നൽകാൻ കഴിഞ്ഞെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | **(എ)**<br>**യും**<br>**(ബി)**<br>**യും** | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിൽ തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധമായി** ചേർക്കുന്നു. |

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാതെ കിടക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ അപേക്ഷകൾ എന്നത്തേക്ക് പരിഗണിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി) തീർപ്പാക്കാനുളള അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **ജില്ല** | **തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 15378 |
| കൊല്ലം | 5059 |
| പത്തനംതിട്ട | 5250 |
| ആലപ്പുഴ | 4112 |
| കോട്ടയം | 4785 |
| ഇടുക്കി | 3385 |
| എറണാകുളം | 11287 |
| തൃശ്ശൂർ | 8360 |
| പാലക്കാട് | 7751 |
| മലപ്പുറം | 14929 |
| കോഴിക്കോട് | 8140 |
| വയനാട് | 3207 |
| കണ്ണൂർ | 6802 |
| കാസർഗോഡ് | 4241 |
| **ആകെ** | **102686** |

മുൻഗണന പട്ടിക ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ക്രമമനുസരിച്ച് മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നു വരുന്നു .

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ജില്ല | ഒഴിവാക്കിയ അനർഹരുടെ എണ്ണം | മുൻഗണന കാർഡ് നൽകിയവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 65244 | 61791 |
| കൊല്ലം | 61223 | 47928 |
| പത്തനംതിട്ട | 15067 | 14748 |
| ആലപ്പുഴ | 25320 | 45398 |
| കോട്ടയം | 20571 | 19551 |
| ഇടുക്കി | 10323 | 12236 |
| എറണാകുളം | 29967 | 29006 |
| തൃശ്ശൂർ | 52116 | 42124 |
| പാലക്കാട് | 42148 | 39936 |
| മലപ്പുറം | 49032 | 46994 |
| കോഴിക്കോട് | 37058 | 36892 |
| വയനാട് | 12582 | 17778 |
| കണ്ണൂർ | 18267 | 22299 |
| കാസർഗോഡ് | 19403 | 15740 |
| **ആകെ** | **458321** | **452421** |

**സെക്ഷൻ ഓഫീസർ**